പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 132

21.03.2012-ൽ മറുപടിയ്ക്ക്

## ദേശീയ ഗ്രാമീണ ജീവനോപാധി ദൗത്യ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക<br>ശ്രീ. ജി. സുധാകരൻ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| എ. ദേശീയ ഗ്രാമീണ ജീവനോപാധി ദൗത്യ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; എങ്കിൽ ഈ പദ്ധതി എന്ന് മുതൽ സംസ്ഥാനത്ത് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ; | എ. എൻ.ആർ.എൽ.എം. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 07-06-2010-ൽ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറുമായി ഗവൺമെന്റ് കോർ കമ്മിറ്റി രൂപീകരിച്ചു. കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിരുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കോർ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ കുടുംബശ്രീ തയ്യാറാക്കിയ സ്റ്റേറ്റ് പെർസ്പെക്ടീവ് ഇംപ്ലിമെന്റേഷൻ പ്ലാൻ കേന്ദ്ര സർക്കാരിനു സമർപ്പിച്ചു. ഇത് ദേശീയ ഗ്രാമീണ ഉപജീവന മിഷൻ എംപവേർഡ് കമ്മിറ്റി പരിശോധിക്കുകയും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. എൻ.ആർ.എൽ.എം. പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒന്നരകോടി രൂപയും 2011-12 സാമ്പത്തിക വർഷത്തിലെ പദ്ധതി തുകയായി ഒരു കോടി രൂപയും കേന്ദ്രസർക്കാർ കുടുംബശ്രീക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| ബി. എൻ.ആർ.എൽ.എം. പദ്ധതി പ്രാവർത്തികമാക്കാനുള്ളനിർവ്വഹണ ശേഷിയും മനുഷ്യവിഭവ പിന്തുണയും ഉള്ളതായി സർക്കാർ കണ്ടെത്തിയ ഏജൻസി ഏതാണ് ; | ബി. ഇതു സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| സി. പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല കുടുംബശ്രീക്ക് നൽകണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | സി. 12.11.2010 ലെ G.O.(MS) No. 262/2010/LSGD നമ്പർ ഉത്തരവ് പ്രകാരം കുടുംബശ്രീയെ സംസ്ഥാന ലൈവ്‌ലിഹുഡ് മിഷനായി സർക്കാർ ഉത്തരവ് പുറപ്പെടുവി |

ക്കുകയും കേന്ദ്രസർക്കാർ അംഗീകരിച്ച എസ്.പി.ഐ.പി.യിൽ ആയത് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഇത് സംബന്ധമായ ഫണ്ട് എസ്.ആർ.എൽ.എം. (State Rural Livelihood Mission) ആയ കുടുംബശ്രീ മിഷന് നേരിട്ടാണ് നൽകി വരുന്നത്

ഡി. കേരളത്തിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങളാണ് എൻ.ആർ. എൽ.എം.പദ്ധതിയ്ക്ക് പ്രചോദനമായതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഡി. 2008 ലെ എസ്.ജി.എസ്.വൈ. പദ്ധതിയുടെ അവലോകനത്തിനും അത് പരിഷ്കരിക്കുന്നതിനെ സംബന്ധിച്ച് നിർദ്ദേശം നൽകുന്നതിനും കേന്ദ്ര-ഗ്രാമവികസന മന്ത്രാലയം ഡോ. രാധാകൃഷ്ണ കമ്മിറ്റി രുപീകരിച്ചിരുന്നു. ഈ കമ്മിറ്റി ദേശവ്യാപകമായി നടത്തിയ പഠനത്തിൽ കേരളത്തിലും ആന്ധ്രാപ്രദേശിലും എസ്.ജി.എസ്.വൈ. പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കിയതിന്റെ പ്രധാനകാരണമായി ചൂണ്ടിക്കാട്ടിയ സ്വയംസഹായ സംഘം/ അയൽക്കൂട്ടങ്ങളെയും അവരുടെ ഫെഡറേഷനുകളായ കുടുംബശ്രീയെയും ആന്ധ്രാപ്രദേശിലെ എസ്.ഇ.ആർ.പി. (മണ്ഡൽ സമഖ്യ)യെയും മാതൃകയാക്കി ദേശീയ തലത്തിൽ സുഗമമായ പ്രവർത്തനം നടത്തണമെന്ന് ശുപാർശ ചെയ്തു. രാധാകൃഷ്ണ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് എൻ.ആർ.എൽ.എം. പദ്ധതി രൂപീകരിക്കപ്പെട്ടത്.

ഇത് ഗ്രാമവികസന വകുപ്പ് നടത്തി വന്ന എസ്.ജി.എസ്.വൈ. പദ്ധതിയ്ക്ക് പകരമായി രൂപീകരിച്ച സംവിധാനമാണ്.

സെക്ഷൻ ഓഫീസർ.